Registered KL/CH/TCR/353/2006-08
Licence No. KL/TCR/WPP-18/2006-2008
Licenced to post without prepayment
Posted at Thrissur RMS/2 on 24&25/1/2007

**Keraleeyam**
2007 January

Rs. 20/-



ഫോട്ടോ : സി.ആർ. ഗിരീഷ്, മാതൃഭൂമി

# എന്താണ് പ്ലാച്ചിമട പ്രശ്നം ?

പ്ലാച്ചിമട സ്വാദ്ധ്യായസംഘം

## എന്താണ് പ്ലാച്ചിമട പ്രശ്നം ?

കുടിവെള്ളം, കൃഷിവെള്ളം, കൃഷിഭൂമി, ആരോഗ്യം, മനുഷ്യാന്തസ്സ് തുടങ്ങിയ ജീവനോപാധികൾക്ക് മേലുള്ള കോർപറേറ്റ് ബലാൽക്കാരത്തെ തടയുവാൻ ഭരണകർത്താക്കളും കോടതികളും രാഷ്ട്രീയ പാർട്ടികളും ജനകീയ പ്രസ്ഥാനങ്ങളും അശക്തമായിരിക്കുന്നുവെന്നതാണ് പ്ലാച്ചിമട പ്രശ്നം.

## പ്ലാച്ചിമട പ്രശ്നത്തിന്റെ പരിഹാരമെന്ത് ?

പ്ലാച്ചിമട സമരത്തിലൂടെ താഴെ പറയുന്ന ലക്ഷ്യങ്ങൾ നേടുക:

- ലഭ്യമായ ഭൂജലത്തിന്റെ നൂറ് ശതമാനവും ഉപജീവനാവശ്യങ്ങൾക്ക് ഉപയോഗിച്ചു കൊണ്ടിരിക്കുന്ന പ്ലാച്ചിമടയിൽ ജലശോഷണവും ജലമലിനീകരണവും ഉണ്ടാക്കുമെന്ന് മുൻകൂട്ടി അറിയാമായിരുന്ന ഫാക്ടറി സ്ഥാപിച്ചതിന് കൊക്കക്കോള കമ്പനി ലോകത്തോട് മാപ്പ് പറയുക.
- പ്ലാച്ചിമടയിലുണ്ടായ യാതനകൾക്കും പരിസ്ഥിതി നാശങ്ങൾക്കും നഷ്ടപരിഹാരം നൽകി കൊക്കക്കോള കമ്പനി പ്ലാച്ചിമടയിൽനിന്ന് പുറത്തുപോകുക.
- പ്ലാച്ചിമടയിലെ കുടിവെള്ള മലിനീകരണത്തിനും പരിസ്ഥിതി നാശങ്ങൾക്കും മറ്റ് നിയമലംഘനങ്ങൾക്കും കൊക്കക്കോള കമ്പനിയെ കുറ്റവിചാരണ ചെയ്യുക.
- പ്ലാച്ചിമടകൾ ആവർത്തിക്കാതിരിക്കാൻ ജലം പോലുള്ള അടിസ്ഥാന വിഭവങ്ങളുടെ സംരക്ഷണാധികാരം ഗ്രാമസഭകൾക്ക് നൽകി പഞ്ചായത്ത്രാജ് നിയമത്തിലും മലിനീകരണ നിയന്ത്രണ നിയമങ്ങളിലും മാറ്റങ്ങൾ വരുത്തുക.

## അഞ്ച് വർഷങ്ങളാകാറായിട്ടും പ്ലാച്ചിമട പ്രശ്നം പരിഹരിക്കപ്പെടാത്തത് എന്തുകൊണ്ടാണ് ?

ഭരണകർത്താക്കളുടെയും വിദഗ്ധ സ്ഥാപനങ്ങളുടെയും നിയമവ്യവസ്ഥയുടെയും സംഘടിത രാഷ്ട്രീയ പാർട്ടികളുടെയും വരേണ്യവികസന പക്ഷപാതിത്വം കൊണ്ടും ജനകീയ പ്രവർത്തകരുടെ രാഷ്ട്രീയ വിദ്യാഭ്യാസകുറവുകൊണ്ടും ആണ് പ്ലാച്ചിമട പ്രശ്നം പരിഹരിക്കപ്പെടാതെ നീണ്ടുപോകുന്നത്.

## പ്ലാച്ചിമട സമരത്തെ ലക്ഷ്യം നേടാൻ എങ്ങനെ സഹായിക്കാം ?

ജീവനോപാധികളുടെ മേൽ ജനങ്ങൾക്കുള്ള അധികാരം യാഥാർത്ഥ്യമാക്കുവാനുള്ള ഇച്ഛാശക്തിയും സങ്കൽപ്പശക്തിയും ക്രിയാശക്തിയും വികസിപ്പിച്ചുകൊണ്ട് പ്ലാച്ചിമട സമരത്തെ ലക്ഷ്യം നേടാൻ സഹായിക്കാം.

*കന്നിമാരി പി.ഒ., പാലക്കാട്*

Regd. with Registrar of Newspaper of India under No.71285/99. Printed, Published and Owned by K.S. Pramod at Keraleeyam, Thrissur - 21.
Printed at Ayodhya Printers Pvt. Ltd., Kochi, for Patabhedham Printers, Thrissur -2. Editor : K.S. Pramod. Phone : 9447674375, E-mail : keraleeyamtcr@rediffmail.com